# വെളിപാടിന്റെയും ശക്തിയുടേയും ആവശ്യകത.

സാക് പുന്നൻ

WFTW 19 ജനുവരി 2014

എഫെസോസിലെ ക്രിസ്ത്യാനികൾക്ക് പരിശുദ്ധാത്മാവിൽ നിന്നും വെളിപാട് ലഭിക്കേണ്ടതിനു വേണ്ടി പൗലോസ് പ്രാർത്ഥിച്ചതായി എഫെസ്യലേഖനം 1:17,18 ൽ കാണാം. എഫെസ്യലേഖനത്തിന്റെ ആദ്യപകുതിയുടെ അവസാനഭാഗത്ത് 3 :16 ൽ പരിശുദ്ധാത്മാവിൽ നിന്നും അവർക്ക് ശക്തി ലഭിക്കേണമെന്ന് പൗലോസ് പ്രാർത്ഥിക്കുന്നു. നമ്മുടെ ഏറ്റവും വലിയ രണ്ട് ആവശ്യങ്ങളാണിത് വെളിപാടും ശക്തിയും . ഇത് രണ്ടും നമുക്ക് നൽകുവാൻ പരിശുദ്ധാത്മാവിന് മാത്രമേ കഴിയുകയുള്ളൂ. ക്രിസ്തീയജീവിതം പൂർണ്ണമായും പരിശുദ്ധാത്മാവിനെ ആശ്രയിച്ചിരിക്കുന്നു.ഒന്നാമതായി ദൈവം യേശുക്രിസ്തുവിൽ നമുക്കായി ചെയ്തതെന്ത് എന്ന വെളിപാട് പരിശുദ്ധാത്മാവ് നൽകുന്നു . അതിനുശേഷം കർത്താവ് നമ്മെ പഠിപ്പിച്ചതെല്ലാം അനുസരിച്ച് നമ്മുടെ വിളിക്ക് യോഗ്യമായ രീതിയിൽ നടക്കേണ്ടുന്നതിനുള്ള ശക്തി പരിശുദ്ധാത്മാവ് നമുക്ക് നൽകുന്നു.

എഫേസ്യലേഖനം 3:18 †19 ൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ വീതിയും നീളവും ആഴവും ഉയരവും അനുഭവിപ്പാൻ നമുക്ക് സാദ്ധ്യമാണെന്ന് നാം കാണുന്നു ( ഇവിടെ പറഞ്ഞിരിക്കുന്ന നാല് അളവുകളും മാനുഷിക പരിജ്ഞാനത്തിന് അപ്പുറമാണ്!!.) എന്നാൽ അത് എല്ലാ വിശുദ്ധന്മാരോടുമൊപ്പം മാത്രം. ക്രിസ്തുവിന്റെ സ്നേഹം പൂർണ്ണമായി ഗ്രഹിക്കുവാൻ തനിയെ നമുക്ക് ഒരിക്കലും സാധിക്കുകയില്ല. ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റ് അവയവങ്ങളെയും നമുക്ക് ആവശ്യമുണ്ട്. മാത്രമല്ല, നമ്മുടെ ചെറിയ വിഭാഗത്തിലുള്ളവരെക്കൂടാതെ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ എല്ലാ അവയവങ്ങളെയും നമുക്ക് ആവശ്യമുണ്ട്. അതുകൊണ്ട് നമ്മുടെ ഹൃദയം എല്ലായ്പോഴും എല്ലാ വിശ്വാസികൾക്കുമായി, നമ്മോട് യോജിക്കാത്തവർക്കു വേണ്ടിയും തീവ്രവാദികൾ എന്ന് നാം കരുതുന്നവർക്കു വേണ്ടി പോലും തുറന്നിരിക്കേണ്ടതുണ്ട്. എല്ലാവരുമോടോപ്പം വേല ചെയ്യുന്നതിന് നമുക്ക് സാധിച്ചെന്ന് വരില്ല, നിശ്ചയമായും അവരെല്ലാവരേയും ഈ ഭൂമിയിൽ വച്ച് കണ്ടുമുട്ടുവാനും നമുക്ക് സാധിക്കുകയില്ല. പക്ഷേ ദൈവത്തിന്റെ എല്ലാ മക്കൾക്കുവേണ്ടിയും നമ്മുടെ ഹൃദയം തുറന്നിരിക്കേണ്ടതാണ്. അപരിഷ്കൃതരോ സംസ്ക്കാരസന്പന്നരോ എന്തുതന്നെ ആയിരുന്നാലും ദൈവമക്കളായ എല്ലാ സഹോദരന്മാർക്കും സഹോദരിമാർക്കും വേണ്ട ഇടം നമ്മുടെ ഹൃദയത്തിൽ ഉണ്ടാവണം.

അതുകൊണ്ട് നമുക്ക് പ്രിയപ്പെട്ട ഗ്രന്ഥകർത്താക്കളുടെ മാത്രമല്ല, എല്ലാ ദൈവഭക്തരായവരുടേയും രചനൾ വായിക്കുവാനുള്ള താല്പര്യം നമുക്കുണ്ടാവണം . ആദ്യം തന്നെ ഞാൻ നിങ്ങൾക്ക് ഒരു മുന്നറിയിപ്പ് നൽകട്ടെ, ഇതുപോലെ തുറന്ന ഹൃദയമുള്ള വളരെ, വളരെ കുറച്ച് വിശാസികളെ മാത്രമേ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടുള്ളൂ. പക്ഷേ ഇവരാണ് യഥാർത്ഥത്തിൽ ആത്മീയമായി സന്പന്നരായവർ . ദൈവം കൈക്കൊണ്ടവരെയെല്ലാം താഴ്മയോടെ കൈക്കൊണ്ടിരുന്നെങ്കിൽ തങ്ങൾക്ക് ലഭിക്കുമായിരുന്ന സന്പത്ത് നഷ്ടപ്പെടുത്തിയ ശേഷിച്ചവർ തങ്ങളുടെ ദാരിദ്രം ബാധിച്ച വിഭാഗീയ മനോഭാവത്തോടുകൂടെ പരീശരായി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു.

നമുക്ക് എഫേസ്യലേഖനത്തിന്റെ ആദ്യ മൂന്ന് അദ്ധ്യായങ്ങൾ ശ്രദ്ധയോടുകൂടി ധ്യാനിച്ചുകൊണ്ട് ഈ മഹത്തായ സത്യങ്ങളെക്കുറിച്ചുള്ള വെളിപ്പാടു നൽകുവാൻ പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടാം. ഒരിക്കൽക്കൂടി ഈ വെളിപ്പാടു ലഭിച്ചുകഴിഞ്ഞാൽ പൂർണ്ണ വിശുദ്ധിയും, താഴ്മയും, സ്നേഹവും നിറഞ്ഞ ജയജീവിതത്തിനായി പരിശുദ്ധാത്മാവിന്റെ ശക്തി അന്വേഷിപ്പാൻ നിങ്ങൾ തയ്യാറായിരിക്കും. അങ്ങനെ നമ്മുടെ സംസാരത്തിലെ പൊള്ളയായ വാക്കുകൾ , ഹൃദയത്തിലെ എല്ലാ കൈപ്പും കോപവും, ഇവയെല്ലാം വിട്ട് ഒഴിയുവാൻ നമുക്ക് സാധിക്കും (എഫേസ്യലേഖനം 4:29 † 31).

അപ്പോൾ ഭാര്യമാർക്ക് സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭർത്താക്കന്മാർക്കു കീഴടങ്ങുവാനും, ഭർത്താക്കന്മാർക്ക് ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവാനും സാധ്യമാകും (എഫേസ്യലേഖനം 5:22 † 25). എല്ലാ നേരത്തും സാത്താനെ ജയിക്കുവാൻ അപ്പോൾ നമുക്ക് സാധിക്കും. (എഫേസ്യലേഖനം 6:1113). എന്നുമാത്രമല്ല 'ദൈവത്തിന്റെ അനുകാരികളാകുവാനുള്ള' ശക്തിയും നമുക്ക് ലഭിക്കും (എഫേസ്യലേഖനം 6:1).

നാം ചോദിക്കുന്നതിലും ചിന്തിക്കുന്നതിലും അത്യധികമായി ചെയ്!വാൻ ദൈവത്തിന് കഴിയും. എല്ലാ മഹത്വവും ദൈവത്തിനുമാത്രം ആകട്ടെ . (എഫേസ്യലേഖനം 3:20,21).

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)